## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4896 — 14/11/2019 ൽ മറുപടിയ്ക്ക്

## സ്വകാര്യ സ്കൂളുകൾക്കുള്ള എൻ.ഒ.സി.

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.വി.ഡി.സതീശൻ** | | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സി.ബി.എസ്.സി, ഐ.സി.എസ്.സി, സംസ്ഥാന സിലബസ്സിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്കൂളുകൾ എന്നിവയുടെ എൻ.ഒ.സി. അപേക്ഷ പ്രാദേശിക വിദ്യാഭ്യാസ ആവശ്യം കണക്കിലെടുത്ത് പരിഗണിക്കണം എന്ന് ഹൈക്കോടതി ഡിവിഷൻ ബഞ്ച് വിധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;<br><br>(ബി) മറ്റെല്ലാ യോഗ്യതകളും ഉണ്ടെങ്കിൽ നിലവിൽ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന സ്ഥലത്ത് സ്കൂൾ ഉണ്ടെന്ന പേരിൽ എൻ.ഒ.സി. അപേക്ഷ നിരസിക്കുവാനാകില്ലായെന്നും ഇത് നടപടി ചട്ടങ്ങൾക്കും ഭരണഘടനയ്ക്കും വിരുദ്ധമാണെന്നും കോടതി കണ്ടെത്തിയിട്ടുണ്ടോ; | (എ) & (ബി) | ബഹു.ഹൈക്കോടതിയുടെ അംഗീകാരത്തോടെ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തു നിലവിൽ പ്രവർത്തിച്ചുവരുന്ന സ്വകാര്യ സ്കൂളുകൾക്ക് വിദ്യാഭ്യാസ അവകാശനിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള അംഗീകാരവും/എൻ.ഒ.സിയും നല്കിവരുന്നുണ്ട്. |
| (സി) പ്രസ്തുത വിധി മൂലം ഉണ്ടായിട്ടുള്ള സ്ഥിതിവിശേഷം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇതിനെതിരെ അപ്പീൽ പോകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | സ്വകാര്യ വിദ്യാലയമായാലും പൊതു വിദ്യാലയമായാലും ക്ലാസ്സിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികളുടെയും ശരിയായ പഠനത്തിനും വികാസത്തിനും അനുഗുണമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കണമെന്നുള്ളതാണ് സർക്കാർ നയം. ഇക്കാരണത്താലാണ് സർക്കാർ സ്വകാര്യ വിദ്യാലയങ്ങൾക്ക പ്രവർത്തിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത മാനദണ്ഡങ്ങൾ ന്യൂനപക്ഷ സ്ഥാപനങ്ങൾക്കും, ഭൂരിപക്ഷ സ്ഥാപനങ്ങൾക്കും ഒരുപോലെ ബാധകമായിരിക്കണമെന്നാണ് സർക്കാർ നിലപാട്. ഇക്കാര്യങ്ങൾ സംബന്ധിച്ച് കേരള ഹൈക്കോടതി പുറപ്പെടുവിച്ച |

നിലവിലെ വിധിയിൽ ബഹു.സുപ്രീം കോടതിയുടെ മുമ്പുണ്ടായിട്ടുള്ള വിധി പ്രസ്താവത്തിൽ നിന്നുമുള്ള വ്യതിയാനങ്ങൾ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് സർക്കാർ സുപ്രീം കോടതിയിൽ SLP(C) ഫയൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ